REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-04-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- 18-ാം ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് 102 മണ്ഡലങ്ങൾ അൽപസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്. തമിഴ്നാട്ടിലെ 39-ഉം ലക്ഷദ്വീപിലെയും പുതുച്ചേരിയിലെയും ഓരോ മണ്ഡലവും ഒന്നാംഘട്ട വോട്ടെടുപ്പിൽ വിധിയെഴുതും. അരുണാചൽ പ്രദേശ്, സിക്കിം നിയമസഭാ തെരഞ്ഞെടുപ്പുകളും ഇന്ന്.
- ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ ഉത്സവമായ തെരഞ്ഞെടുപ്പിലേക്ക് വോട്ടർമാരെ സ്വാഗതം ചെയ്യാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതായി കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ.
- സംസ്ഥാനത്ത് വോട്ടെടുപ്പിന് ഒരാഴ്ച മാത്രം ബാക്കി നിൽക്കെ പ്രചാരണ രംഗത്ത് സജീവമായി ദേശീയ നേതാക്കൾ.
- സൈബർ ആക്രമണവും വ്യാജവാർത്ത പ്രചരിപ്പിക്കലുമായി ബന്ധപ്പെട്ട് 42 കേസുകൾ രജിസ്റ്റർ ചെയ്തതായി സംസ്ഥാന പോലീസ് മേധാവി.
- പൂരങ്ങളുടെ പൂരമായ തൃശൂർ പൂരം ഇന്ന്.
- IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് പഞ്ചാബ് കിംഗ്സിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

**18-ാം ലോക്സഭാ തെരഞ്ഞെടുപ്പിന് തുടക്കം കുറിച്ച് 102 മണ്ഡലങ്ങൾ അൽപസമയത്തിനകം പോളിംഗ് ബൂത്തിലേക്ക്.**

തമിഴ്നാട്ടിലെ 39-ഉം ലക്ഷദ്വീപിലെയും പുതുച്ചേരിയിലെയും ഓരോ മണ്ഡലവും ഇന്ന് ഒന്നാംഘട്ട വോട്ടെടുപ്പിൽ വിധിയെഴുതും., അരുണാചൽ പ്രദേശിൽ 60-ഉം, സിക്കിമിൽ 32-ഉം നിയമസഭാ മണ്ഡലങ്ങളിലും ഇന്ന് വോട്ടെടുപ്പ് നടക്കും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്..........

17 സംസ്ഥാനങ്ങളിലെയും നാല് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 102 മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ്. 16 കോടി 63 ലക്ഷം പേർ 1,625 സ്ഥാനാർത്ഥികളുടെ രാഷ്ട്രീയ ഭാവി തീരുമാനിക്കും.

തമിഴ്നാട്ടിലെ 39, രാജസ്ഥാനിലെ പന്ത്രണ്ട്, ഉത്തർപ്രദേശിലെ എട്ട് മധ്യപ്രദേശിലെ ആറ്, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ അഞ്ച് വീതം, ബിഹാറിൽ നാല്, പശ്ചിമ ബംഗാളിൽ മൂന്ന്, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, എന്നിവിടങ്ങളിൽ രണ്ട് വീതം മണ്ഡലങ്ങൾ ഈ ഘട്ടത്തിൽ വിധിയെഴുതും. ലക്ഷദ്വീപ്, പുതുച്ചേരി, ഛത്തീസ്ഗഡ്, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, അന്തമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, എന്നിവിടങ്ങളിൽ ഓരോ സീറ്റിലുമാണ് ഇന്ന് വോട്ടെടുപ്പ്. ഏഴ് ഘട്ടങ്ങളായാണ് ലോക്സഭയിലേക്ക് വോട്ടെടുപ്പ് പൂർത്തിയാക്കുന്നത്. വോട്ടെണ്ണൽ ജൂൺ നാലിനാണ്.

✪✪✪

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ ഉത്സവമായ തെരഞ്ഞെടുപ്പിലേക്ക് വോട്ടർമാരെ സ്വാഗതം ചെയ്യാൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതായി കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. സ്വതന്ത്രവും നീതിയുക്തവും സമാധാനപരവും പരപ്രേരണ ഇല്ലാത്തതും എല്ലാവരുടെയും പങ്കാളിത്തത്തോടും കൂടിയ വോട്ടെടുപ്പ് നടത്താൻ വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത തെരഞ്ഞെടുപ്പ് കമ്മീഷൻ ആവർത്തിച്ചു. വോട്ടർമാർ പ്രവർത്തിക്കേണ്ട സമയമാണിതെന്ന് കമ്മീഷൻ വിലയിരുത്തി. ഉത്തരവാദിത്തത്തോടെയും അഭിമാനത്തോടെയും വോട്ട് ചെയ്യണമെന്ന് ദേശീയ ടെലിവിഷൻ സന്ദേശത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ വോട്ടർമാരോട് അഭ്യർത്ഥിച്ചു.

✪✪✪

പുതുച്ചേരി ലോക്സഭാ മണ്ഡലത്തിന്റെ ഭാഗമായ മാഹിയിൽ അൽപസമത്തിനകം വോട്ടെടുപ്പ് ആരംഭിക്കും. കണ്ണൂർ, കോഴിക്കോട് ജില്ലകൾക്കിടയിലെ ഭൂവിഭാഗമാണ് മാഹി.

മാഹിയിലെ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ഞങ്ങളുടെ കണ്ണൂർ പ്രതിനിധി കെ.ഒ.ശശിധരൻ ചേരുന്നു.

.............വോയ്സ്...........

✪✪✪

രാജ്യത്തെ ഏറ്റവും ചെറിയ ലോകസഭാ മണ്ഡലമായ ലക്ഷദ്വീപിൽ രാവിലെ 7.30 ഓടെ വോട്ടെടുപ്പ് ആരംഭിക്കും. 10

ദ്വീപുകളിലായി 55 പോളിംഗ് ബൂത്തുകളാണ് സജ്ജമാക്കിയിരിക്കുന്നത്. 29, 278 പുരുഷന്മാരും 28, 506 സ്ത്രീകളും ഉൾപ്പടെ 57,784 പേരാണ് ദ്വീപിലെ വോട്ടർമാർ. 4 സ്ഥാനാത്ഥികളാണ് മത്സര രംഗത്ത്.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പിന് ഒരാഴ്ച മാത്രം ബാക്കി നിൽക്കെ രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും കൊണ്ടും കൊടുത്തും പ്രചാരണവുമായി മുന്നേറുകയാണ്. മൂന്ന് മുന്നണികളുടെയും ദേശീയ നേതാക്കൾ പ്രചാരണ രംഗത്ത് സജീവമായുണ്ട്. പരമാവധി വോട്ട് ഉറപ്പിക്കുന്നതിന് ആരോപണങ്ങളും പ്രത്യാരോപണങ്ങളും വാഗ്ദാനങ്ങളുമായി തെരഞ്ഞെടുപ്പ് രംഗം കടുത്ത ചൂടിലാണ്. പരസ്യ പ്രചാരണം ബുധനാഴ് വൈകിട്ട് അവസാനിയ്ക്കും.

✪✪✪

അടുത്ത വെള്ളിയാഴ്ച്ച നടക്കുന്ന രണ്ടാം ഘട്ട വോട്ടെടുപ്പിന്റെ 250-ലധികം നിരീക്ഷകരുമായി കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ വീഡിയോ കോൺഫറൻസ് നടത്തി. സുഗമവും സ്വതന്ത്രവും നീതിയുക്തവുമായ പോളിംഗ് ഉറപ്പാക്കാൻ നിർദ്ദേശം നൽകി.

പോളിംഗ് സ്റ്റേഷനുകളിൽ എല്ലാ സൗകര്യങ്ങളും, വിശേഷിച്ച് ചൂടിനെ പ്രതിരോധിക്കാൻ സംവിധാനങ്ങൾ, ഒരുക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പ് സ്വതന്ത്രവും സുതാര്യവുമായിപൂർത്തീകരിക്കാൻ സംസ്ഥാനത്ത് 50 തിരഞ്ഞെടുപ്പ് നിരീക്ഷകർ പ്രവർത്തിക്കുന്നുണ്ടെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. 20 പൊതുനിരീക്ഷകരും 20 ചെലവ് നിരീക്ഷകരും 10 പൊലീസ് നിരീക്ഷകരും ആണ് പ്രവർത്തിക്കുന്നത്. ഒരോ ലോക്സഭാ മണ്ഡലത്തിനും ഒരാൾ വീതം പൊതു, ചെലവ് നിരീക്ഷകരും രണ്ട് മണ്ഡലങ്ങൾക്ക് ഒരാൾ വീതം പൊലീസ് നിരീക്ഷകരുമുണ്ട്.

✪✪✪

കാസർകോട് മണ്ഡലത്തിൽ ഇലക്ട്രോണിക് വോട്ടെടുപ്പ് യന്ത്രത്തിന്റെ കമ്മീഷനിങ്ങിന്റെ ഭാഗമായി നടത്തിയ മോക്പോളിൽ ഒരു സ്ഥാനാർഥിക്ക് അധിക വോട്ട് ലഭിച്ചു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. പരാതി ഉയർന്നതിനെത്തുടർന്ന് ഇതുസംബന്ധിച്ച് കാസർകോട് ജില്ലാ കളക്ടറിൽ നിന്ന് റിപ്പോർട്ട് തേടിയിരുന്നുവെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

കമ്മീഷനിങ്ങിന്റെ ഭാഗമായി നടത്തിയ മോക്പോളിനിടെ അധികമായി വിവിപാറ്റ് സ്ലിപ് പുറത്തുവന്നതാണ് ആശയക്കുഴപ്പത്തിനിടയാക്കിയതെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

സ്ഥാനാർത്ഥിത്വം കൊണ്ട് VIP മണ്ഡലമായ വയനാട്ടിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറുന്നു. പരമാവധി ദേശിയ നേതാക്കളെ ജില്ലയിലെത്തിച്ച് പ്രചാരണം കൊഴുപ്പിക്കാനാണ് മൂന്ന് മുന്നണികളുടെയും ശ്രമം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.

വോയിസ്

✪✪✪

BJP ദേശീയ അധ്യക്ഷൻ J.P നദ്ദ സംസ്ഥാനത്ത് ഇന്ന് NDAയുടെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. രാവിലെ വയനാട്ടിൽ എത്തുന്ന അദ്ദേഹം ബത്തേരിയിൽ റോഡ് ഷോയിൽ പങ്കെടുക്കും. തുടർന്ന് പാലക്കാട്ടെത്തുന്ന അദ്ദേഹം ഉച്ചയ്ക്ക് 1.30 ഓടെ ഷൊർണൂരിൽ പൊതുസമ്മേളനത്തിൽ സംസാരിക്കും.

വൈകിട്ട് 3 ന് കോട്ടയത്താണ് ജെ.പി. നദ്ദക്ക് പരിപാടി. കളക്ടറേറ്റ് ജംഗ്ഷനിൽ നിന്ന് ഗാന്ധി സ്ക്വയറിലേക്ക് റോഡ് ഷോ നടത്തും. വൈകിട്ട് തിരുവനന്തപുരത്തെത്തുന്ന നദ്ദ മടവൂർപ്പാറ ജംഗ്ഷനിൽ നിന്ന് ബാലരാമപുരം സാലി ഗോത്ര തെരുവിലേക്ക് റോഡ് ഷോ നടത്തും.

✪✪✪

LDF സ്ഥാനാർഥികളുടെ പ്രചാരണത്തിന്റെ ഭാഗമായി മുഖ്യമന്ത്രി ഉൾപ്പെടെ നേതാക്കൾ ഇന്ന് കോഴിക്കോട് ജില്ലയിൽ പൊതുയോഗങ്ങളിൽ പങ്കെടുക്കും. രാവിലെ

കാക്കൂരും വൈകീട്ട് കൊടുവള്ളിയിലും കുണ്ടായിത്തോടുമാണ് മുഖ്യമന്ത്രി പ്രസംഗിക്കുക.

✪✪✪

കോട്ടയം മണ്ഡലത്തിൽ LDF സ്ഥാനാർത്ഥി തോമസ് ചാഴികാടന്റെ പ്രചരണാർത്ഥം CPIM പൊളിറ്റ് ബ്യൂറോ അംഗം സുഭാഷിണി അലി ഇന്ന് കുമരകത്തും കുടമാളൂരും നാട്ടകത്തും തിരഞ്ഞെടുപ്പ് യോഗങ്ങളിൽ പ്രസംഗിക്കും.

UDF സ്ഥാനാർത്ഥി ഫ്രാൻസിസ് ജോർജ് രണ്ടാം ഘട്ട മണ്ഡലപര്യടനം തുടരുന്നു.

✪✪✪

ബിജെപി ഇതര പ്രതിപക്ഷ പാർട്ടികളെ കേന്ദ്ര ഏജൻസികൾ വേട്ടയാടുമ്പോൾ കേന്ദ്രത്തിനൊപ്പം നിൽക്കുന്ന നിലപാടാണ് കോൺഗ്രസ് സ്വീകരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി. മലപ്പുറം ജില്ലയിൽ LDF പ്രചാരണ യോഗങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിന് ഏറ്റവും വലിയ സാക്ഷിയാണ് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളെന്നും പിണറായി പറഞ്ഞു.

✪✪✪

INDIA സഖ്യം അധികാരത്തിൽ വരുമെന്ന് കർണ്ണാടക ഉപമുഖ്യമന്ത്രി D.K.ശിവകുമാർ പറഞ്ഞു. വയനാട് ലോക്സഭാ മണ്ഡലം UDF തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയുടെ ഭാഗമായി മുക്കത്ത് നടന്ന റോഡ് ഷോയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന

ഗവൺമെന്റിന്റെ ധനകാര്യമാനേജ്മെന്റ് പരാജയമാണെന്നും ശിവകുമാർ അഭിപ്രായപ്പെട്ടു.

✪✪✪

സൈബർ ആക്രമണവും വ്യാജവാർത്ത പ്രചരിപ്പിക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 42 കേസുകൾ രജിസ്റ്റർ ചെയ്തതായി സംസ്ഥാന പോലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹിബ് അറിയിച്ചു.

സാമൂഹ്യ മാധ്യമങ്ങളിലൂടെ സൈബർ ആക്രമണം, വ്യാജവാർത്തകൾ പ്രചരിപ്പിക്കൽ, സ്ത്രീത്വത്തെ അപമാനിക്കൽ, ഇലക്ട്രോണിക് വോട്ടിംഗ് മെഷീനെതിരെയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിദ്വേഷം ഉളവാക്കുന്ന തരത്തിലും വ്യാജവാർത്തകൾ പ്രചരിപ്പിക്കൽ എന്നീ കുറ്റങ്ങൾ ചെയ്തവർക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തത്.

സമൂഹത്തിൽ വിദ്വേഷവും സ്പർധയും വളർത്തുന്ന തരത്തിൽ ഇത്തരം സന്ദേശങ്ങൾ നിർമ്മിച്ച് സാമൂഹ്യമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്യുന്നവർക്കെതിരെയും അവ പങ്കുവയ്ക്കുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കും.

എല്ലാ സാമൂഹ്യമാധ്യമങ്ങളും 24 മണിക്കൂറും പോലീസിന്റെ കർശന നിരീക്ഷണത്തിലായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

വിസ്മയങ്ങൾ നിറച്ചു തൃശൂർ പൂരം ഇന്ന് പെയ്തിറങ്ങും. ജനലക്ഷങ്ങൾ ശക്തന്റെ മണ്ണിലേക്ക് ഒഴുകിയെത്തും.

രാവിലെ 6 മുതൽ ചെറുപൂരങ്ങൾ വടക്കുന്നാഥ സന്നിധിയിലേക്ക് എത്തുകയാണ്. തുടർന്ന് മഠത്തിൽ വരവ് രാവിലെ 11 നും ഇലഞ്ഞിത്തറമേളം രണ്ടിനും പ്രധാന ചടങ്ങ് ആയ വിസ്മയങ്ങൾ ഒളിപ്പിച്ചുവെച്ച കുടമാറ്റം വൈകിട്ട് നാലിനും അരങ്ങേറും. നാളെ പുലർച്ചയാണ് പ്രധാന വെടിക്കെട്ട്. പ്രധാന ചടങ്ങുകൾക്ക് ശേഷം നാളെ ഇരു ദേവതമാരും ഉപചാരം ചൊല്ലി പിരിയുന്നതോടെ ഇത്തവണത്തെ പൂരത്തിന് പരിസമാപ്തിയാകും.

തൃശൂർ പൂരത്തോടനുബന്ധിച്ച് താലൂക്ക് പരിധിയിലെ എല്ലാ ഗവൺമെന്റ് ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ മുംബെ ഇന്ത്യൻസ് പഞ്ചാബ് കിംഗ്സിനെ 9 റൺസിന് പരാജയപ്പെടുത്തി. മൊഹാലിയിൽ മുംബെ ഉയർത്തിയ 193 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പഞ്ചാബ് 19.1 ഓവറിൽ 183 റൺസെടുത്ത് എല്ലാവരും പുറത്തായി.

ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ലക്നൗവിൽ, ലക്നൗ സൂപ്പർ ജയന്റ്സ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.

✪✪✪

ISL ഫുട്ബോൾ പ്ലേ ഓഫിൽ ഇന്ന് കേരളാബ്ലാസ്റ്റേഴ്സ് ഒഡീഷ എഫ്സി പോരാട്ടം. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ വൈകീട്ട് 7.30-നാണ് മത്സരം. ജയിക്കുന്ന ടീം സെമിഫൈനൽ യോഗ്യത നേടും.

✪✪✪

കൊച്ചി വാട്ടർ മെട്രോ ഞായറാഴ്ച ഫോർട്ട് കൊച്ചിയിലേക്ക് സർവീസ് ആരംഭിക്കും. ഫോർട്ട് കൊച്ചി വാട്ടർ മെട്രോ ടെർമിനലിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനെ തുടർന്നാണ് ഇത്. കൊച്ചി കപ്പൽ ശാലയിൽ നിർമ്മിച്ച 14 ആമത് ബോട്ട് കഴിഞ്ഞദിവസം കൈമാറിയിരുന്നു.

ഹൈക്കോർട്ട് വാട്ടർ മെട്രോ ടെർമിനലിൽ നിന്ന് ഫോർട്ട് കൊച്ചിയിലേക്ക് 40 രൂപ ടിക്കറ്റ് നിരക്കിൽ 20 മുതൽ 30 മിനിറ്റ് ഇടവേളകളിൽ സർവീസ് ഉണ്ടായിരിക്കുമെന്ന് കൊച്ചി വാട്ടർ മെട്രോ അറിയിച്ചു.

✪✪✪

ഓരോ പൗരനും ജാഗ്രതയോടെ ജീവിക്കാൻ പ്രാപ്തമാകുന്നതിനാവശ്യമായ തരത്തിൽ പ്രവർത്തനങ്ങളാണ് പുതിയ കാലത്തെ സാക്ഷരതാ പ്രവർത്തനമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ഡയറക്ടർ കെ ജയകുമാർ പറഞ്ഞു. നിലവിലെ സാഹചര്യത്തിൽ, ഓരോ പൗരനും നേരിടുന്ന ഡിജിറ്റൽ നിരക്ഷരത, സാമ്പത്തിക നിരക്ഷരത എന്നിവയ്ക്ക് വേണ്ടിയാവണം ഇനി സാക്ഷരതാ പ്രവർത്തനങ്ങളെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സംസ്ഥാന സാക്ഷരതാമിഷന്റെ സമ്പൂർണ സാക്ഷരതാ പ്രഖ്യാപന ദിനാചരണ പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

बहुजनहिताय बहुजनसुखाय

आकाशवाणी